(സി) ഇതിലേയ്ക്കായി പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ നിർവ്വാഹമില്ല.

പണിപൂർത്തിയായിട്ടും തുറന്ന് പ്രവർത്തിക്കാത്ത ആശുപത്രി വാർഡുകൾ

138 (796)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പണിപൂർത്തിയായിട്ടും പ്രവർത്തിക്കാത്ത ആശുപത്രി വാർഡുകൾ സംസ്ഥാനത്ത് എത്ര എണ്ണമുണ്ട്;

(ബി) ഇത് തുറന്ന് പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) വാർഡുകൾ തുറന്ന് പ്രവർത്തിക്കാനാവശ്യമായ അധിക തസ്തിക സൃഷ്ടിക്കാൻ 1999-2000 വർഷത്തെ ബഡ്ജറ്റിൽ എന്തുതുക വകയിരുത്തിയിരുന്നു;

(ഡി) ഇതിലേയ്ക്കാവശ്യമായ പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നോ;

(ഇ) എങ്കിൽ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(എഫ്)അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ എന്തുതുക വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) സർക്കാർ ആശുപത്രികളോടനുബന്ധിച്ചുള്ള വാർഡുകളിൽ പണിപൂർത്തിയായിട്ടും പ്രവർത്തിക്കാത്ത 7 എണ്ണമുണ്ട്. കൂടാതെ 52 പ്രാഥമികാരോഗ്യകേന്ദ്രങ്ങളുമുണ്ട്.

(ബി) സ്റ്റാഫിന്റെ അഭാവവും വൈദ്യുതീകരണം, ജലവിതരണം എന്നീ പണികൾ നടത്താനുള്ളതുകൊണ്ടാണ് തുറന്ന് പ്രവർത്തിക്കാത്തത്.

(സി) ആശുപത്രികളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 1999-2000 ലെ പദ്ധതി വിഹിതമായ 250 ലക്ഷം രൂപയിൽ 75 ലക്ഷം രൂപ തസ്തികകൾ പുതുതായി ഉണ്ടാക്കുന്നത് ഉൾപ്പെടെയുള്ള സ്റ്റാഫിന്റെ ചിലവിനായി വകയിരുത്തിയിരുന്നു. പി.എച്ച്.സി.കളുടെ വാർഡുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് 1999-2000 വർഷത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ഡി) ഇതിലേയ്ക്കായി പ്രത്യേക പ്രൊപ്പോസലൊന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ പി.എച്ച്.സി. കളുടെ വാർഡുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ഇല്ല.

(എഫ്)ഈ വർഷത്തെ ബഡ്ജറ്റിൽ 2000-2001 ലെ പദ്ധതി വിഹിതമായ 150 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെ ജീവനക്കാരുടെ ശമ്പളത്തിനായി വേണ്ടിവരുന്ന ചെലവുകൾക്കായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ 150 ലക്ഷം രൂപ പി.എച്ച്.സി.കൾക്കായി വകയിരുത്തിയിട്ടുണ്ട്. 150 ലക്ഷം രൂപയിൽ 97-98, 98-99

LIBRARY ARCHIVES Kerala Legislative Assembly

കാലയളവിൽ പി.എച്ച്.സി. കളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിലുള്ള ശമ്പളചെലവ് വഹിക്കാനായി 125 ലക്ഷം രൂപയും മറ്റ് ചെലവുകൾക്കായി 25 ലക്ഷം രൂപയും വകകൊള്ളിച്ചിരിക്കുന്നു.

റീജിയണൽ ക്യാൻസർ സെന്റർ നൽകിയ പരസ്യം

139 (797)ശ്രീ. എം. മുരളി :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റീജിയണൽ ക്യാൻസർ സെന്റർ ഓരോ വർഷവും എന്ത് തുകയ്ക്ക് വീതമുള്ള പരസ്യം നൽകുകയുണ്ടായി;

(ബി) ഈ പരസ്യങ്ങൾ നൽകിയത് ഏതെല്ലാം പരസ്യ കമ്പനികളോ ഏജൻസികളോ വഴിയാണ്;

(സി) ഈ പരസ്യ കമ്പനിയുടേയോ ഏജൻസികളുടെയോ ഉടമകൾ ആരെല്ലാമാണ്;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഓരോ വർഷവും ഓരോ പത്രമാദ്ധ്യമങ്ങൾക്കും പരസ്യയിനത്തിൽ എന്തു തുക വീതം നൽകിയിട്ടുണ്ട്?

ഉത്തരം

(എ)	1996-97	-	4,68,378.50 രൂപ
	1997-98	-	84,694.00 രൂപ
	1998-99	-	8,499.50 രൂപ
	1999-2000	-	45,212.00 രൂപ

(ബി) ഗാമാസ് അഡ്വർടൈസിംഗ് തിരുവനന്തപുരം, ഡി.സി.ഡി. ന്യൂസ് തിരുവനന്തപുരം എന്നീ ഏജൻസികൾ വഴിയാണ് പരസ്യം നൽകിയത്.

(സി) ഉടമകളുടെ പേരുവിവരങ്ങൾ അറിവില്ല.

(ഡി) 1996-97 മുതൽ 1999-2000 വരെയുള്ള വിവരങ്ങൾ വിശദമായി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ നടപടി

140 (798)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly